# Weekly Devotions May 2016 Week -3

## The command to show mercy

**(കരുണകാണിപ്പാൻ കല്പന)**




ചൈനയിലെ ഒരു കടപ്പുറത്ത് ത്യാഗത്തിന്റെ സ്മരണക്കായി ഒരു സ്മാരകമുണ്ട്. അതിനു പിന്നിൽ ഒരു കഥയുണ്ട്. ചുങ് എന്ന് പേരുള്ള ഒരു ഗ്രാമീണൽ കടൽത്തീരത്തുള്ള തന്റെ വലയിൽ പണിയെടുക്കുകയായിരുന്നു പെട്ടെന്ന് കടൽക്കരയിൽ നിന്നു ഉൾവലിയുന്ന കാഴ്ചയാണ് കണ്ടത് ഇത് ഒരു വൻ വിപത്തിന്റെ സൂചനയാണ് എന്ന് ചുങ് മനസിലാക്കി.വയലുകളിൽ ജോലിചെയ്യുന്ന അനേകരെ വിഴുങ്ങുവാനും,വൻ ദുരന്തമുണ്ടാക്കുവാനുമായി ആക്രോശിച്ച വരുന്ന കടലിനെപ്പറ്റി മറ്റുള്ളവരെ ധരിപ്പിക്കുവാൻ എളുപ്പ വഴി എന്തെന്ന് ആലോചിച്ച് കണ്ടെത്തിയ ചുങ് കടൽത്തീരത്തെ കുന്നിൻ മുകളിലുള്ള തന്റെ വീട്ടിലെത്തി ധാന്യപ്പുരക്ക് തീയിട്ടു വയലിലും റോഡിലുമുള്ളവർ തീ കണ്ട് കുന്നിൻ മുകളിൽ കയറിക്കഴിഞ്ഞപ്പോൾ കടൽ ആർത്തിരമ്പി സംഹാരതാണ്ഡവം നടത്തി തുടങ്ങി ഈ ഭയാനകത കണ്ടു നിന്നവരോട് നിങ്ങളുടെ ജീവൻ രക്ഷിപ്പാനാണ് ഞാൻ ധാന്യപ്പുരക്ക് തീയിട്ടത് എന്ന് പറഞ്ഞു. പില്ക്കാലത്ത് തങ്ങളുടെ ജീവൻ രക്ഷിപ്പാൻ സ്വന്ത സമ്പാദ്യം നശിപ്പിച്ച്

തങ്ങളോട് കരുണകാട്ടിയ ചുങിന് കടപ്പുറത്തൊരു സ്മാരകം അവർ ഉയർത്തി അവനെ അനശ്വരനാക്കി.

ദൈവവചനം പറയുന്ന കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും എന്ന് (മത്താ:5:7) മറ്റുള്ളവരോടു നാം കരുണയുള്ളവരായിരിക്കണം എന്നത് അവൻ നമുക്ക് തന്ന കല്പനയാണ് യിരെ:(11:4) ൽ പറയുന്നു നിങ്ങൾ എന്റെ വാക്കുകേട്ടനുസരിച്ച് ഞാൻ നിങ്ങളോട് കല്പിച്ചതു പോലെ ചെയ്‌വിൻ. എന്നാൽ നിങ്ങൾ എന്റെ ജനവും ഞാൻ നിങ്ങളുടെ ദൈവവും ആയിരിക്കും എന്ന് മീവ(6:8) ൽ ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്ന മൂന്ന് കാര്യങ്ങൾ കാണാം

(1) ന്യായം പ്രവർത്തിക്കുന്നവർ ആകുക.

(2) ദയാ തല്പരരാകുക

(3) ദൈവസന്നിധിയിൽ താഴ്മയോടെ ഇരിക്കുക

ഈ മൂന്നു കാര്യങ്ങൾ ദൈവം മുൻപാകെ പ്രാവർത്തികമാക്കുന്നവർക്ക് മറ്റുള്ളവരോടു കരുണകാണിക്കുക എന്ന അവന്റെ കല്പന അനുസരിക്കുവാൻ കഴിയുകയുള്ളു.

അർഹിക്കാത്ത കരുണ നമുക്കു തന്നവനെ,മറ്റുള്ളവരോടു കരുണ കാണിപ്പാൻ കല്പിച്ചവനെ ഒരു കള്ളനെപ്പോലെ വാളും,വടിയുമായി പിടിക്കുവാൻ വന്ന കൂട്ടത്തിൽ മുൻ നിരയിൽ ഉണ്ടായിരുന്ന വ്യക്തിയാണ് യേശുവിന്റെ ശിഷ്യനായ യൂദ. യേശുവിന്റെ പ്രതികൂലത്തിന്റെ സമയത്ത് ശിഷ്യമാർ അവനെവിട്ട് ഓടിപ്പോയി. പത്രോസ് ഗുരുവിനെ തള്ളിപറഞ്ഞു മറ്റുള്ളവരോടു കരുണ കാണിച്ചവനെ.കരുണ കാണിപ്പാൻ പഠിപ്പിച്ചവനെ ആ പാഠം കേട്ടു പഠിച്ചവർ തന്നെ കരുണയില്ലാതെ ഉപേക്ഷിച്ചു കരുണയില്ലാത്ത പ്രവർത്തികൾ ഇന്നു പല മേഖലകളിലും ഉണ്ടാകുന്നതിന്റെ പ്രധാന കാരണം സ്വാർത്ഥമതികളുടെ, നീതിബോധമില്ലാത്തവരുടെ കൈകളിലാണ് ഇന്ന് എല്ലാ മേഖലകളും എന്നതിനാലാണ് വൻകിട മരുന്നു കമ്പിനികൾ മാരകമായ രോഗങ്ങൾക്കുള്ള മരുന്നുകളുടെ വില വർധിപ്പിക്കുന്നു. സാധാരണക്കാരനു ഇതു ഭാരമാകുമ്പോൾ അവർ ധനാഢ്യരാകുന്നു കരുണയില്ലാത്ത സമൂഹത്തോട് വചനത്തിലുള്ള ഒരു ചോദ്യം ചോദിക്കട്ടെ ''ഒടുക്കം നിങ്ങൾ എന്തു ചെയ്യും''?

കുഞ്ഞുങ്ങളെ കരുണയുള്ളവരാക്കുക എന്ന കല്പന അനുസരിപ്പാൻ ദൈവം സഹായിക്കട്ടെ.

***പ്രാർത്ഥന***

കരുണയുള്ള കർത്താവേ! നിന്റെ കോപത്തിൽ ഞങ്ങളെ ശിക്ഷിക്കാതെ നിന്റെ വലിയ കാരുണ്യം നിമിത്തം രക്ഷിച്ചതിനായി സ്തോത്രം. മറ്റുള്ളവരോട് കരുണയും സ്നേഹവും ഉള്ളവരായിരിപ്പാൻ അങ്ങ് തന്ന കല്പന അനുസരിപ്പാൻ കൃപ തരേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind